ദേശാഭിമാനി

16 October 2018

■ രേഖ കാർത്തികേയൻ താരമായി

# സ്ത്രീശക്തി വിളംബരമായി മഹിളാ കർഷകദിനാഘോഷം

**കൊച്ചി**

കാറ്റിലും കോളിലും പതറാതെ കുടുംബത്തിലെ പട്ടിണി മാറ്റാൻ കടലിൽ മത്സ്യബന്ധനത്തിനിറങ്ങിയ അനുഭവം പങ്കുവച്ച് രേഖ കാർത്തികേയൻ വനിതാ കർഷകസംഗമത്തിൽ താരമായി. സിഎംഎഫ്ആർഐ സംഘടിപ്പിച്ച മഹിളാ കർഷകദിനാഘോഷത്തിന്റെ ഭാഗമായി നടന്ന സംഗമത്തിലാണ് കടലിൽ മത്സ്യബന്ധനം നടത്തുന്ന ഇന്ത്യയിലെ ഏക വനിതയായ രേഖ കാർത്തികേയൻ ജീവിതാനുഭവം വിവരിച്ചത്.

കടലിൽ 50 കിലോമീറ്റർവരെ ദൂരം ഫൈബർ വള്ളത്തിൽ പോയി മീൻപിടിക്കുന്ന രേഖ, ദൃഢനിശ്ചയത്തിന്റെയും കഠിനാധ്വാനത്തിന്റെയും കഥയാണ് സദസ്യരുമായി പങ്കുവച്ചത്. കഠിനാധ്വാനത്തിന് തയ്യാറാണെങ്കിൽ സ്ത്രീകൾക്ക് എല്ലാ മേഖലയിലും കഴിവ് തെളിയിക്കാനാകുമെന്ന് തൃശൂർ ചേറ്റുവ സ്വദേശിയായ രേഖ പറഞ്ഞു.



സിഎംഎഫ്ആർഐയിൽ നടന്ന മഹിളാ കർഷകദിനാഘോഷ പരിപാടിയിൽ രേഖ കാർത്തികേയൻ അനുഭവം പങ്കുവയ്ക്കുന്നു

പ്രളയത്തിൽ നഷ്ടങ്ങളുണ്ടായെങ്കിലും കൂടുമത്സ്യക്കൃഷിയിൽനിന്ന് പിന്നോട്ടുപോകില്ലെന്ന് പെരിയാറിൽ കൂടുമത്സ്യക്കൃഷി യൂണിറ്റ് നടത്തുന്ന ടി എം സ്മിജ പറഞ്ഞു. മത്സ്യമേഖലയിലെ തൊഴിൽസംരംഭങ്ങളിൽ പ്രവർത്തിക്കുന്ന ഇരുപതോളം സ്ത്രീകൾ അനുഭവങ്ങൾ പങ്കുവച്ചു. മത്സ്യബന്ധനം, കൂടുമത്സ്യക്കൃഷി, കക്കവർഗ കൃഷി, അലങ്കാരമത്സ്യക്കൃഷി, ചീനവല, മത്സ്യവല നിർമാണം, കക്ക സംസ്കരണം, ഉണക്കമത്സ്യനിർമാണം, അക്വാ ടൂറിസം, സമ്മിശ്ര കൃഷി തുടങ്ങിയ മേഖലകളിലെ അനുഭവങ്ങളാണ് പങ്കുവച്ചത്.

ഡോ. വി കൃപ, ഡോ. ഷോജി ജോസഫ്, ഡോ. രമ മധു, ഡോ. എൻ അശ്വതി എന്നിവർ പാനൽ ചർച്ചയ്ക്ക് നേതൃത്വം നൽകി. ഡോ. വിനീത മുരളി, ഡോ. കെ കെ ജോഷി, ഡോ. സി രാമചന്ദ്രൻ എന്നിവർ സംസാരിച്ചു.

മഹിളാ കർഷകദിനത്തോടനുബന്ധിച്ച് ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിനികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ വീണ കെ വിനയ്, ജോഷ്ന സി ജോസ് എന്നിവരും ഹയർ സെക്കൻഡറി വിഭാഗത്തിൽ സൂസൻ സന്തോഷ്, ഷിബിന ബിനോയ് എന്നിവരും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.